റീസർവ്വേ നടപടികൾ

177(1244) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജക മണ്ഡലത്തിലെ ഏതൊക്കെ വില്ലേജുകളിലാണ് ഇനിയും റീ-സർവ്വേ നടപടികൾ പൂർത്തിയാക്കാനുള്ളതെന്നും ഇവിടുത്തെ റീ-സർവ്വേ നടപടികൾ പൂർത്തിയാക്കാൻ വൈകുന്നതിനുള്ള കാരണം എന്തെന്നും വ്യക്തമാക്കുമോ;

(ബി) റീ-സർവ്വേ നടപടികൾ പൂർത്തിയാക്കാനുള്ള വില്ലേജുകളിലെ നടപടികൾ എന്ന് പൂർത്തിയാക്കാനാവുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വൈക്കം നിയോജക മണ്ഡലത്തിലെ ഒരു വില്ലേജിലും റീ-സർവ്വേ പൂർത്തിയാക്കിയിട്ടില്ല. സംസ്ഥാനത്ത് നിലവിൽ റീ-സർവ്വേ പ്രവർത്തനം സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിട്ടുണ്ട്.

തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും

178(1245) ശ്രീ. കെ. അച്ചുതൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) തൊണ്ട് സംഭരണത്തിനും ചകിരി ഉൽപ്പാദനത്തിനും വേണ്ടി പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് 2010-ലും 2012-ലും തൊണ്ട് സംഭരണ പദ്ധതി നടപ്പിലാക്കിയെങ്കിലും പ്രതീക്ഷിച്ച നേട്ടം ഈ മേഖലയിൽ കൈവരിക്കാൻ ഇപ്പോഴും കഴിഞ്ഞിട്ടില്ല. ഈ പോരായ്മ പരിഹരിക്കുന്നതിനും കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുണ്ടായിരുന്ന പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും എന്ന ഒരു പുതിയ പദ്ധതി നടപ്പിലാക്കിവരുന്നു.

GPM. 2/239/2020-29

LIBRARY ARCHIVES Kerala Legislative Assembly